"ഭരണഭാഷ – മാതൃഭാഷ"

നം: പി.എൽ (1)/23927/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 30/05/2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- സ്കൂളുകളിൽ ഹരിത നയം നടപ്പാക്കുന്നത്- സംബന്ധിച്ച്

സൂചന:- ഇതേ സർക്കുലർ നമ്പർ തീയതി, 27/03/2017

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഈ പുതു അധ്യയന വർഷത്തിൽ ഹരിത നയം കർശനമായി പാലിക്കേണ്ടതാണ്. ഹരിത നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

- പ്രകൃതി സൗഹൃദ വിദ്യാലയ പരിസരം സൃഷ്ടിക്കുക.
- ജൈവവൈവിധ്യ ഉദ്യാനത്തിന്റെ നിർമ്മാണം.
- മഴക്കുഴി രൂപീകരണം.
- വൃക്ഷത്തൈ നടൽ.
- കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ.
- ജൈവമാലിന്യങ്ങൾ അജൈവമാലിന്യങ്ങൾ തുടങ്ങിയവ തരം തിരിച്ച് ശേഖരിക്കുക.
- പ്ലാസ്റ്റിക്, പേപ്പർ എന്നിവ വൃത്തിയാക്കി അടുക്കി സൂക്ഷിച്ച് അത് ശേഖരിക്കുന്നവർക്ക് കൈമാറുക.
- വിദ്യാലയവും പരിസരവും മാലിന്യമുക്തവും പ്ലാസ്റ്റിക് രഹിതവും ഹരിതാഭവവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- മയക്കുമരുന്ന്/പുകയില ഉത്പന്നങ്ങൾ വിദ്യാലയ പരിസരത്ത് വിൽക്കുന്നില്ലായെന്ന് സ്കൂൾ ജാഗ്രതാ സമിതി ഉറപ്പുവരുത്തുക.
- ഭക്ഷണവും കുടിവെള്ളവും പ്ലാസ്റ്റിക് പാത്രങ്ങളിൽ കൊണ്ടുവരുന്നത് ഒഴിവാക്കി സ്റ്റെയിൻലസ് സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കാൻ നിർദ്ദേശിക്കുക.
- ഉപയോഗശേഷം വലിച്ചെറിയുന്ന തരത്തിലുള്ള പ്ലാസ്റ്റിക് പേനകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തി മഷി പേനയോ ദീർഘകാലം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ബോൾ പോയിന്റ് പേനകളോ ഉപയോഗിക്കുക.
- പ്ലാസ്റ്റിക്, പേപ്പർ തുടങ്ങിയവ കൊണ്ടുള്ള പാത്രങ്ങളും കപ്പുകളും ഒഴിവാക്കി, കഴുകി വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള പാത്രങ്ങളും കപ്പുകളും ഉപയോഗിക്കുക.
- ഫ്ളക്സ് ബോർഡുകൾ, പ്ലാസ്റ്റിക് തോരണങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കുക.
- പോസ്റ്ററുകൾ ബാനറുകൾ എന്നിവ തുണിയിലോ പേപ്പറിലോ മാത്രം തയ്യാറാക്കുക.

(ഒപ്പ്)
കെ.വി. മോഹൻകുമാർ.ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)